ക്കുവാനും സാധിച്ചു. ഈ പദ്ധതിയുടെ ആനുകൂല്യം മത്സ്യത്തൊഴിലാളികൾ, മത്സ്യക്കൃഷിക്കാർ, മത്സ്യ ഉപഭോക്താക്കൾ, മത്സ്യ വില്പന വിതരണ മേഖലയിലെ മറ്റുള്ളവർ എന്നിങ്ങനെ എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഈ പദ്ധതി കൂടുതൽ പ്രദേശത്ത് നടപ്പാക്കാൻ എല്ലാവരുടെയും സഹകരണം ഉണ്ടായാൽ നമ്മുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ ഒരുക്കാനും കഴിയും. ചുരുക്കത്തിൽ മത്സ്യ വ്യവസായത്തിനോ നടത്തിപ്പിലോ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ മത്സ്യോല്പാദന വികസന പ്രവർത്തനങ്ങളിലോ ബഹുമാനപ്പെട്ട മെമ്പർ ആശങ്കപ്പെട്ട തരത്തിലുള്ള പ്രതിസന്ധി ഇല്ലെന്നുമാത്രമല്ല, മത്സ്യമേഖലയിൽ പുതിയ ഉണർവാണ് എന്നും വ്യക്തമാക്കുന്നു.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഈ ക്ഷേമനിധിയിലേയ്ക്ക് പണം വന്നെങ്കിൽ മാത്രമേ നമുക്ക് തൊഴിലാളികൾക്ക് പണം കൊടുക്കാൻ കഴിയൂ. ഞാൻ പരിപൂർണ്ണമായിട്ട് യോജിക്കുകയാണ്. പക്ഷേ ഈ പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്നതുപോലെയുള്ള നടപടിയിലേക്ക് പോയിട്ട് കാര്യമില്ല. അങ്ങേയ്ക്ക് തന്നെ ബോദ്ധ്യമുള്ള കാര്യമാണ്. ഇപ്പോൾ വച്ചിരിക്കുന്ന പെർസന്റേജിനെക്കുറിച്ചുള്ള ഒരു അശാസ്ത്രീയത ആ റിപ്പോർട്ടിനകത്തുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്ന് പി.എം. എബ്രഹാം കമ്മിറ്റി റിപ്പോർട്ട് വരുത്തി, ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ബന്ധപ്പെട്ടവരെ വിളിച്ച് ഒരു ഉന്നതതല ചർച്ച നടത്തി എത്രയും വേഗം പരിഹാരം കാണാനുള്ള നീക്കം ഉണ്ടാകുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : സർ, ഈ റിപ്പോർട്ട് ഗവൺമെന്റിന്റെ കൈയിൽ കിട്ടിക്കഴിഞ്ഞിട്ടില്ല. കിട്ടിക്കഴിഞ്ഞാൽ ഇത് എന്തു ചെയ്യണം എന്നുള്ളതിനെപ്പറ്റി ആലോചിക്കാം.

2. കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. എളമരം കരീം</u> : സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. മലബാറിന്റെ സിരാകേന്ദ്രമായ കോഴിക്കോട്ട് ഒരു വിമാനത്താവളം ഉണ്ടാവുക എന്നത് മലബാറുകാരുടെ ആകെ സ്വപ്നമായിരുന്നു. ദീർഘകാലം നീണ്ടുനിന്ന ജനകീയ പ്രക്ഷോഭങ്ങളുടെ സമ്മർദ്ദ ഫലമായിട്ടാണ് ഒടുവിൽ ജനങ്ങളുടെ ഈ ആഗ്രഹം സഫലീകൃതമായത്. രാജ്യത്തിന്റെ നാനാഭാഗത്ത് കേന്ദ്ര സർക്കാരിന്റെ മുതൽമുടക്കിൽത്തന്നെ വിമാനത്താവളങ്ങൾ നിർമ്മിച്ചപ്പോൾ കേന്ദ്രം നമ്മുടെ സംസ്ഥാനത്തോട് എല്ലാ കാര്യത്തിലും കാണിക്കുന്ന ചിറ്റമ്മ നയം തന്നെയാണ് ഇക്കാര്യത്തിലും കൈക്കൊണ്ടിരിക്കുന്നത്. സംഭാവന പിരിച്ചും വായ്പ എടുത്തും ഫണ്ട് സ്വരൂപിച്ചാണ് ഈ വിമാനത്താവളത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയത്. അപ്പോഴും കോഴിക്കോടിന് ചിറക് മുളച്ചുകാണാനുള്ള ജനങ്ങളുടെ അഭിലാഷം അതെല്ലാം സഹിച്ചു. കോഴിക്കോട് വിമാനത്താവളം ഉപയോഗിക്കുന്നവരിൽ ഭൂരിപക്ഷവും സമ്പന്നരോ വ്യവസായികളോ ഒന്നുമല്ല; പിറന്ന മണ്ണിൽ ഉപജീവനത്തിന് യാതൊരു തൊഴിലും ലഭിക്കാത്ത ഹതഭാഗ്യരായ ആയിരക്കണക്കിന് വരുന്ന പാവപ്പെട്ടവരാണ്. ഗൾഫ് രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടി പോകുന്നവരും തിരിച്ചു വരുന്നവരുമാണ് അവർ. പ്രവാസി

LIBRARY ARCHIVES Kerala Legislative Assembly

മലയാളികളിൽ ഭൂരിപക്ഷവും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ നിന്നുള്ളവരാണ്. ഈ തൊഴിലന്വേഷകരും അവരെ യാത്രയാക്കാനും സ്വീകരിക്കാനും വരുന്നവരും അടക്കമുള്ള പാവപ്പെട്ടവരാണ് കോഴിക്കോട് വിമാനത്താവളത്തിൽ എത്തുന്നവരിൽ മഹാഭൂരിപക്ഷവും. വർഷത്തിൽ ഒരിക്കൽ മെക്കയിലേക്ക് ഹജ്ജ് കർമ്മത്തിന് പോകുന്ന വിശ്വാസികളിൽ 80% മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഉള്ളവരാണ്. ഇവരെല്ലാം നേരത്തെ ചെന്നൈയിൽ നിന്നും, മുംബൈയിൽ നിന്നുമാണ് പൊയിക്കൊണ്ടിരിക്കുന്നത്. ഇത് തീർത്ഥാടകർക്ക് ഉണ്ടാക്കിയിരിക്കുന്ന പ്രയാസങ്ങൾ വിവരണാതീതമാണ്. ഇവരുടെയെല്ലാം സ്വപ്നമായിരുന്നു സ്വന്തം നാട്ടിൽ നിന്ന് പറന്നുയരാനുള്ള സൗകര്യം ലഭിക്കുക എന്നത്. മലബാറിൽനിന്ന് ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ജോലിയ്ക്ക് പോകുന്നവർ മുമ്പ് മുംബൈ വിമാനത്താവളത്തെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. മുംബൈയിൽ എത്താൻ മംഗലാപുരത്തുനിന്നുള്ള ടൂറിസ്റ്റ് ബസ്സുകളെയാണ് പലരും ആശ്രയിക്കാറുണ്ടായിരുന്നത്. യാത്ര വളരെ ദുഷ്കരവും ചെലവേറിയതുമായിരുന്നു. നാട്ടിലേക്ക് തിരിച്ചുവരുന്നവർ മുംബൈയിലെത്തിയാൽ പലപ്പോഴും കൊള്ളയടിക്കലിന് വിധേയരാകാറുണ്ടായിരുന്നു. കഷ്ടപ്പെട്ട് നേടിയതെല്ലാം നഷ്ടപ്പെട്ട് കണ്ണീരുമായി നാട്ടിൽ എത്തിയ നിരവധി പേരുണ്ട്. ഈ ജനവിഭാഗങ്ങളെല്ലാം കോഴിക്കോട് വിമാനത്താവളം യാഥാർത്ഥ്യമാകുന്നു എന്നു കേട്ടപ്പോൾ സന്തോഷിച്ചവരാണ്. എന്നാൽ അവരെയൊക്കെ വിഷമത്തിലാക്കുന്ന വിധത്തിലാണ് വിമാനത്താവള അധികൃതരുടെ നിലപാടുണ്ടായത്. ഹഡ്കോയിൽനിന്ന് വാങ്ങിയ വായ്പ തിരിച്ചടയ്ക്കാനെന്ന പേരിൽ ഓരോ യാത്രക്കാരിൽനിന്നും 500 രൂപവീതം യൂസേഴ്സ് ഫീ ഈടാക്കിക്കൊണ്ടിരിക്കുകയാണ്. കുടുംബസമേതം പോകുന്നവർ തലയെണ്ണി 500 രൂപാവീതം കൊടുക്കണം. ഇന്ത്യയിൽ മറ്റൊരു വിമാനത്താവളത്തിലും ഇത്തരം ഫീസ് പിരിച്ചെടുക്കുന്നില്ല. ഇത് പലരെയും കോഴിക്കോട് എയർപോർട്ടിൽനിന്നും അകറ്റാൻ ഇടയാക്കുന്നു. ഈ യൂസേഴ്സ് ഫീ ഒഴിവാക്കാനാവശ്യമായ നടപടികൾ ഉണ്ടാകണമെന്നാണ് ബഹു. മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. റൺവേയുടെ അപര്യാപ്തതമൂലം വലിയ വിമാനങ്ങൾക്ക് ഇറങ്ങാൻ കോഴിക്കോട് എയർപോർട്ടിൽ സൗകര്യമില്ല. ഇത് വിദേശ ഫ്ളൈറ്റുകൾക്ക് വരുന്നതിന് തടസ്സമാണ്. ഹജ്ജ് തീർത്ഥാടകർക്ക് പോകാനുള്ള വിമാനങ്ങൾ പറന്നുയരാനുള്ള സൗകര്യം കോഴിക്കോട് ഇല്ലാത്തതിനാൽ അവരെല്ലാം വളരെ ദൂരെയുള്ള മറ്റു വിമാനത്താവളങ്ങളിലേയ്ക്ക് പോകേണ്ടിവരുന്നു. ഇതുമൂലം ഹജ്ജ് തീർത്ഥാടകർ വലിയ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്നു. ഹജ്ജ് തീർത്ഥാടകരുടെ സൗകര്യത്തിനായി കേരളാ ഹജ്ജ് കമ്മിറ്റി കോഴിക്കോട് എയർപോർട്ടിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളും വ്യർത്ഥമായി.

[10.00 AM]

റൺവേയുടെ വികസന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത ജോലികൾ എത്രയും വേഗം പൂർത്തിയായാൽ മാത്രമേ കോഴിക്കോട് എയർപോർട്ടിന്റെ പൂർണ്ണ ഉപയോഗം ജനങ്ങൾക്ക് ലഭ്യമാകൂ. അടുത്ത മെയ് മാസത്തോടുകൂടി റൺവേയുടെ ജോലി പൂർത്തിയാകുമെന്ന് അധികൃതർ പറയുന്നുണ്ടെങ്കിലും ഇന്നത്തെ നിലയിൽ പോയാൽ ഇത് നടക്കുമെന്ന് തോന്നുന്നില്ല. ഈ സാഹചര്യത്തിൽ റൺവേയുടെ ജോലി സമയബന്ധിതമായി പൂർത്തീകരിക്കാൻ സംസ്ഥാനസർക്കാർ ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കോഴിക്കോട് എയർപോർട്ടിൽ നൈറ്റ്ലാൻഡിംഗ് ഫെസിലിറ്റി ഏർപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. പക്ഷേ അത് ഉപയോഗപ്പെടുത്തിയിട്ടില്ല. രാത്രികാലസർവ്വീസുകൾ ഇതുവരെ ആരംഭിച്ചിട്ടില്ല. എയർപോർട്ടിന് അടുത്തുതന്നെ കെ.എസ്.ഐ.എഫ് വിശാലമായ കാർഗോ കോംപ്ലക്സ് സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടും ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത സേവനം ഇപ്പോൾ ലഭിക്കുന്നില്ല. കോഴിക്കോട് നഗരത്തിന്റേയും പരിസരപ്രദേശങ്ങളുടേയും വികസനത്തിനു മുഖ്യ ഉപാധിയായി ഈ വിമാനത്താവളം മാറുമെന്ന് പ്രതീക്ഷിച്ചിരുന്നു. വ്യവസായ വളർച്ച നേടാത്ത കോഴിക്കോട് എന്ന പുരാതനവാണിജ്യ നഗരത്തിൽ ടൂറിസം വികസനം നേടാൻ ഈ വിമാനത്താവളം മുഖ്യപങ്ക് വഹിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. വയനാടും വാസ്കോഡിഗാമ കപ്പലിറങ്ങിയ കാപ്പാടും കാസർകോട്ടെ ബേക്കൽക്കോട്ടയും, സൈലന്റ് വാലിയും കോഴിക്കോട് വർഷംതോറും നടത്താറുള്ള മലബാർ മഹോത്സവും സന്ദർശിക്കാനാഗ്രഹിക്കുന്ന വിദേശികളടക്കമുള്ള ടൂറിസ്റ്റുകൾ ഉപയോഗിക്കേണ്ടിയിരുന്നത് ഈ വിമാനത്താവളമാണ്. ടൂറിസം ലക്ഷ്യമാക്കി നഗരത്തിൽ നിരവധി ഹോട്ടലുകളും അനുബന്ധസ്ഥാപനങ്ങളും ഉയർന്നുവരികയുണ്ടായി. വെറുമൊരു മൊട്ടക്കുന്നായിരുന്ന കരിപ്പൂരും പരിസരവും നഗരമായി വളർന്നു. നൂറു കണക്കിന് ടാക്സികളും ആട്ടോറിക്ഷകളും നിരവധി ഹോട്ടലുകളും ലോഡ്ജുകളും ആയിരക്കണക്കിന് ആളുകൾക്ക് ഉപജീവനം നൽകി. അധോലോക സംഘങ്ങളിൽനിന്നും വർഗ്ഗീയ വാദികളിൽ നിന്നും ജീവനുതന്നെ ഭീഷണിയായി. നൂറുകണക്കിന് ട്രാവൽ ഏജൻസികൾ കോഴിക്കോട്ടും പരിസരത്തും പ്രവർത്തനമാരംഭിച്ചു. ഇതുമൂലം നൂറുകണക്കിന് യുവതീയുവാക്കൾക്ക് ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കി ഇന്റർനാഷണൽ മാപ്പിൽ സ്ഥാനം പിടിക്കാൻ പര്യാപ്തമായ നിരവധി പദ്ധതികൾ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചു. ഇതെല്ലാം ഉപയോഗപ്പെടുത്തി വളർച്ചനേടാൻ കൊതിച്ചിരുന്ന മലബാറിന്റെ സ്വപ്നങ്ങളെ കരിച്ചു കളയുന്നതാണ് കോഴിക്കോട് എയർപോർട്ടിന്റെ ഇന്നത്തെ അവസ്ഥ. കാത്തു കാത്തിരുന്ന് ലഭിച്ച ഒരു നേട്ടം നഷ്ടപ്പെടുമോയെന്ന ആശങ്കയിലാണ് ജനങ്ങൾ. കക്ഷിഭേദമന്യേ കോഴിക്കോട്ടെ രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവർ യോഗം ചേർന്ന് ഈ വിഷയം ചർച്ച ചെയ്യുകയും പ്രക്ഷോഭം ഉയർത്താൻ തീരുമാനിക്കുകയും ചെയ്തിരിക്കുകയാണ്. ഈ പ്രശ്നത്തിൽ കേരള സർക്കാരും മുഖ്യമന്ത്രിയും പലതവണ ഇടപെട്ടിട്ടുണ്ട്. റൺവേയുടെ വികസനത്തിനുള്ള പദ്ധതി അംഗീകരിപ്പിക്കാനും വികസന പ്രവർത്തനം തടസ്സം കൂടാതെ നടത്താനും എല്ലാ സാഹചര്യവും ഉണ്ടാക്കിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫലപ്രദമായ ഇടപെടൽ മൂലമാണെന്ന് ഞാൻ പ്രത്യേകം സ്മരിക്കുന്നു. എല്ലാ പരിശ്രമങ്ങളും ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് റൺവേയുടെ വികസനം പൂർത്തീകരിക്കാനും യൂസേഴസ് ഫീ ഒഴിവാക്കാനും അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, സംസ്ഥാന മുഖ്യമന്ത്രി ചെയർമാനായി രൂപീകരിച്ചിട്ടുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് കോഴിക്കോട് വിമാനത്താവളത്തിന്റെ വികസന കാര്യങ്ങൾ നടത്തുന്നത്. റൺവേ വികസം ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾക്കായി സൊസൈറ്റിക്ക് ഹഡ്കോ അനുവദിച്ച 60 കോടി രൂപയിൽ 55 കോടി രൂപ വായ്പയായി എടുക്കുകയും പ്രസ്തുത തുക എയർപോർട്ട് അതോറിറ്റിക്ക് കൈമാറുകയും ചെയ്തിരുന്നു. ഈ തുകയുടെ പലിശ എയർപോർട്ട് സൊസൈറ്റി കൊടുക്കണമെന്നുള്ളതായിരുന്നു വ്യവസ്ഥ. പ്രസ്തുത പലിശ അടയ്ക്കുന്നതിലേ

യ്ക്കാവശ്യമായ തുക കണ്ടെത്തുന്നതിനായി യൂസേഴ്സ് ഡെവലപ്മെന്റ് ഫീ എന്ന രീതിയിൽ 500 രൂപ വീതം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനായി സൊസൈറ്റി തീരുമാനിച്ചു. ഇതിനെതിരെ ഹൈക്കോടതിയിൽ കേസുണ്ടാകുകയും ഹൈക്കോടതി യൂസേഴ്സ്ഫീ ഈടാക്കുന്നത് താൽക്കാലികമായി തടയുകയുമുണ്ടായി. എന്നാൽ അപ്പീലിൽ ഡിവിഷൻ ബഞ്ച് ചില നിബന്ധനകൾക്ക് വിധേയമായി യൂസേഴ്സ് ഫീ പിരിക്കാൻ സൊസൈറ്റിക്ക നുവാദം കൊടുത്തു. സൊസൈറ്റി ഹഡ്കോയിൽ നിന്നും വായ്പ എടുക്കുമ്പോൾ 16.5 ശതമാനം എന്ന നിലയിലായിരുന്നു പലിശ ഈടാക്കിയിരുന്നത്. ഇപ്പോൾ അത് 13.5 ശതമാനമായി കുറച്ചിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ നിന്നും ഏറ്റവും കൂടുതൽ ഹജ്ജ് യാത്രക്കാരുള്ള ഒരു സംസ്ഥാനമാണ് കേരളം. ആയതിനാൽ കോഴിക്കോട് വിമാനത്താവളത്തെ ഹജ്ജ് യാത്രക്കാരുടെ എംബാർക്കേഷൻ പോയിന്റായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. ഇതിനുവേണ്ടി സമ്മർദ്ദം ചെലുത്തുവാൻ കേരളത്തിൽ നിന്നുള്ള എം.പി.മാരോട് വീണ്ടും ആവശ്യപ്പെടുന്നതാണ്. കൂടാതെ കൂടുതൽ സർവീസുകൾ മിഡിൽ ഈസ്റ്റിലേയ്ക്ക് തുടങ്ങണമെന്നും ആവശ്യപ്പെടുന്നതാണ്.

ശ്രീ. എളമരം കരീം : സർ, ഈ യൂസേഴ്സ്ഫീ പിരിക്കുന്നതിന് കോടതി എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ.കെ. നായനാർ : സർ, പിരിക്കുന്ന തുകയ്ക്കുള്ള വ്യക്തമായ കണക്കു സൂക്ഷിക്കണം, അവസാന വിധി എതിരായി വന്നാൽ ശേഖരിച്ച തുക മുഴുവൻ ആരിൽ നിന്നൊക്കെവാങ്ങിച്ചോ അവർക്കെല്ലാം തിരികെ നൽകണം. ഇതാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ശ്രദ്ധക്ഷണിക്കൽ വരുന്നവർക്ക് കൊടുക്കാറുണ്ട്, പക്ഷെ ഇതേ വിഷയംതന്നെ നേരത്തെ ഒരാൾ സബ്മിഷനിൽ ഉന്നയിച്ചാൽ ആ മെമ്പറുടെ പേര് ഇവിടെ മെൻഷൻ ചെയ്യുന്നതാണ് സാധാരണ ഇവിടുത്തെ കീഴ്വഴക്കം.

മി. ചെയർമാൻ : സബ്മിഷനിൽ ചെയ്യാറുണ്ട്. പക്ഷേ കാളിംഗ് അറ്റൻഷനിൽ ഒരാൾക്ക് മാത്രമല്ലേ കൊടുക്കാറുള്ളൂ.

ശ്രീ. എ.കെ. ആന്റണി : സർ, അദ്ദേഹം ഇവിടെ മെൻഷൻ ചെയ്തതാണ്, അദ്ദേഹത്തിന്റെ മണ്ഡലമാണ്.

മി. ചെയർമാൻ : അങ്ങയുടെ സബ്മിഷൻ ആണെങ്കിലല്ലേ പറ്റുകയുള്ളൂ.

ശ്രീ. പി.കെ.കെ. ബാബ : സബ്മിഷൻ ആയി എനിക്ക് തരാമന്ന് പറഞ്ഞതാണ്. സ്പീക്കർ സമ്മതിച്ചതാണ്. എനിക്കു പറയാനുള്ളത് ഞാൻ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കരീം പറഞ്ഞതിനോട് പൂർണ്ണമായി യോജിക്കുകയാണ്. വളരെ പ്രതീക്ഷയോടുകൂടിയാണ് യാത്രക്കാർ ഈ വിമാനത്താവളത്തെ കണ്ടത്. പക്ഷേ അവരുടെ പ്രതീക്ഷകളൊക്കെ ഇന്ന് ഏതാണ്ട് അസ്തമിച്ച രീതിയിലാണ്. രാത്രികാലങ്ങളിൽ ഫ്ളൈറ്റ് സർവ്വീസ് നടക്കുന്നില്ല. അതേപോലെതന്നെ യൂസേഴ്സ് ഫീ അവരെ വല്ലാതെ അലട്ടുന്ന ഒന്നാണ്. അവിടെ നടക്കുന്ന പീഡനങ്ങൾ മൂലം യാത്രക്കാർ ഇങ്ങോട്ടുവരാൻ വൈമനസ്യം കാണിക്കുന്നുണ്ട്. ഇന്നത്തെ സ്ഥിതിയിൽ പോയാൽ നമ്മുടെ സംസ്ഥാനത്തിലെ ബസ്സ്റ്റേഷന്റെ നിലയിലേയ്ക്ക് ഈ കോഴിക്കോട് എയർപോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

അധഃപതിക്കും. ഈ വിമാനത്താവളം പ്രതീക്ഷിച്ചത്ര ഉയരത്തക്കരീതിയിൽ വികസിപ്പിച്ചെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബഹു മാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും പ്രത്യേകമായ താൽപ്പര്യം കാണിക്ക ണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(ശ്രീ. ഇ.കെ. നായനാർ) : സർ, ഹൈക്കോടതി വിധി വന്നാൽ യൂസേഴ്സ് ഫീ തിരിച്ചുകൊടുക്കാനാണെങ്കിൽ തിരിച്ചു കൊടുക്കാനുള്ള നട പടി എടുക്കുന്നതാണ്.

IV. സബ്മിഷൻ

(1) ആറ്റിങ്ങൽ മണ്ഡലത്തിലെ വിജയകുമാർ എന്ന ആളിന്റെ കൊലപാതകം

(ശ്രീ. ആനത്തലവട്ടം ആനന്ദൻ) : സർ, കീഴാറ്റിങ്ങൽ അയലു ക്കോണം കാട്ടുവിള വീട്ടിൽ വിജയകുമാറിനെ ഇരുപതാം തീയതി രാത്രിയിൽ അതിദാരുണമായി കൊലപ്പെടുത്തുകയുണ്ടായി. ഭാര്യയും രണ്ടുപിഞ്ചു കുഞ്ഞുങ്ങളും വിജയകുമാറിനുണ്ട്. ഉത്സവസ്ഥലത്തുനിന്ന് വിളിച്ചുകൊണ്ടു പോയാണ് ഈ കൊലനടത്തിയത്. സ്വകാര്യ സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട തർക്കങ്ങളാണ് കൊലപാതകത്തിന് ഇടയാക്കിയതെന്ന് കരു തുന്നു. പഞ്ചായത്തിന്റെ അനുമതി കൂടാതെ അനധികൃത നിർമ്മാണം നടത്തി യതിനെ നാട്ടുകാർ പൗരസമിതിയുണ്ടാക്കി എതിർത്തു, എന്നാൽ പഞ്ചായ ത്തിന്റെ വിലക്കിനെ ലംഘിച്ചുകൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ മാനേ ജ്മെന്റ് നടത്തിയതിന് പോലീസ് സംരക്ഷണം നൽകി. ഇത് ഇരുകൂട്ടരുടേയും ശത്രുത വർദ്ധിപ്പിക്കാൻ ഇടയാക്കി, വിജയകുമാറിന്റെ മരണത്തോടുകൂടി ഭാര്യയും രണ്ടുകുട്ടികളും അടങ്ങുന്ന നിർദ്ധനമായ ആ കുടുംബം തെരുവാധാ രമായിരിക്കുകയാണ്. ആ കുടുംബം സംരക്ഷിക്കാൻ സാമ്പത്തിക സഹായം നൽകണം. കേസിലെ നാലും അഞ്ചും ആറും പ്രതികളെയാണ് അറസ്റ്റു ചെയ്തിട്ടുള്ളത്. ഒന്നു മുതൽ മൂന്നു വരെ പ്രതികളെ പിടിച്ചിട്ടില്ല. ഇപ്പോൾ കേസ് അന്വേഷിക്കുന്ന സബ്ഇൻസ്പെക്ടറെപ്പറ്റി ആളുകൾക്ക് ആക്ഷേപ മുണ്ട്. അദ്ദേഹത്തെ മാറ്റിനിറുത്തി ഒരു പോലീസ് ഉദ്യോഗസ്ഥനെ അന്വേഷ ണത്തിന് വയ്ക്കണം. പ്രധാനപ്രതികളെ എത്രയുംവേഗം അറസ്റ്റുചെയ്യുന്ന തിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തിരുവനന്തപുരം/കീഴാറ്റി ങ്ങൽ വിളയിൽമൂല ചന്തയ്ക്കു സമീപം സാന്ധ്യയിൽ ദേവരാജന്റെ വീട്ടു കോമ്പൗണ്ടിലേയ്ക്ക് മാർക്കറ്റിനകത്തുകൂടി വാഹനങ്ങൾ കയറുന്നതിന് അടുത്ത കാലത്ത് ഒരു വഴി തുറന്നിരുന്നു. മതിൽ മറിച്ചിട്ടതിനെത്തുടർന്ന് രണ്ടു തവണ പഞ്ചായത്ത് ഇടപെട്ട് മതിൽകെട്ടി, മതിൽകെട്ടിയത് കീഴാറ്റി ങ്ങൽ കരാറുകാരനായ വിജയകുമാർ ആയിരുന്നു. ദേവരാജനാണ് മതിൽ മറി ച്ചിട്ടത് എന്ന ആരോപണമുണ്ട്. ഇതേത്തുടർന്ന് ദേവരാജന്റെ അനന്തരവൻ സുപ്രനും സുജി അജേഷ്, സജിത്കുമാർ, പ്രകാശ്, സുരേഷ്, സുകേഷ് എന്ന ആറുപേർ ചേർന്ന് 20-3-2000-ത്തിൽ രാത്രി വിജയനെ ദേഹോപദ്രവം ഏൽപ്പി ക്കുകയും കുത്തി പരിക്കേൽപ്പിക്കുകയും ചെയ്തു. മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന വിജയൻ 21-3-ന് രാവിലെ മരണപ്പെട്ടു, ഇതു സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാനിയമം 302-ാം വകുപ്പുൾപ്പെടെ വിവിധ വകു

LIBRARY ARCHIVES Kerala Legislative Assembly